## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1771 — 17/12/2012 ൽ മറുപടിക്ക്

**ചെന്നൈയിലെ കേരള ഹൗസ്**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ.എ.അസീസ് | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) | സംസ്ഥാന സർക്കാരിന് ചെന്നൈയിൽ കേരള ഹൗസ് നിലവിലുണ്ടോ; എങ്കിൽ എവിടെയാണെന്ന് വ്യക്തമാക്കുമോ; | എ) | ഉണ്ട്. ചെന്നൈയിലെ എഗ്മൂർ താലൂക്കിലെ നുങ്കമ്പക്കം എന്ന സ്ഥലത്ത് 'കേരള ഹൗസ്' എന്ന പേരിൽ കെ.ടി.ഡി.സി. യുമായി ചേർന്ന് ഒരു ഹോട്ടൽ സമുച്ചയം പൂർത്തീകരിച്ചു വരുന്നു. |
| ബി) | പ്രസ്തുത കേരള ഹൗസിൽ എത്ര മുറികളാണുള്ളത്; | ബി) | 90 മുറികൾ |
| സി) | സംസ്ഥാനത്തെ എം.എൽ.എ. മാരും സർക്കാർ ജീവനക്കാരും ചെന്നൈയിലെ കേരള ഹൗസിൽ താമസിക്കുന്നതിന് മുറി ബുക്ക് ചെയ്യുവാൻ എവിടെ യാണ് അപേക്ഷ സമർപ്പിക്കേണ്ടത്; | സി) | പ്രസ്തുത ഹോട്ടലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രവർത്തനം ആരംഭിക്കുന്നമുറയ്ക്ക് സംസ്ഥാനത്തെ എം.എൽ.എ.മാർക്കും, സർക്കാർ ജീവനക്കാർക്കും ചെന്നൈ കേരള ഹൗസിൽ താമസിക്കുന്നതിന് മുറി ബുക്കു ചെയ്യുവാൻ പൊതുഭരണ (പൊളി.) വകുപ്പിലാണ് അപേക്ഷ സമർപ്പി-ക്കേണ്ടത്. |
| ഡി) | എത്ര മുറികളാണ് ഇവർക്കായി നീക്കി വച്ചിരിക്കുന്നത് ;എത്ര രൂപയാണ് ഒരു മുറിക്ക് ഈടാക്കുന്നതെന്ന് വ്യക്ത മാക്കുമോ? | ഡി) | 90 മുറികളുള്ള ഹോട്ടൽ സമുച്ചയ ത്തിൽ 10 മുറികളാണ് ചെന്നൈ കേരള ഹൗസിൽ എം.എൽ.എ. മാർക്കും, സർക്കാർ ജീവനക്കാർക്കും വേണ്ടി 03-11-06- ലെ സ.ഉ.(MS)നം.315/06/TSM പ്രകാരം നീക്കിവച്ചിരിക്കുന്നത്. ഇവ യിൽ 5 മുറികൾ സ്ഥിരമായും ബാക്കി 5 മുറികൾ 7 ദിവസത്തെ മുൻകൂർ ബുക്കിംഗിന്റെ അടിസ്ഥാന ത്തിലും അനുവദിക്കുന്നതിനുള്ള ഉത്തര-വാദിത്തം പൊതു ഭരണ (പൊളിറ്റിക്കൽ) വകുപ്പിന് നൽകി യിട്ടുണ്ട്. ഡൽഹി കേരള ഹൗസിൽ പ്രാബല്യത്തിലിരിക്കുന്ന നിരക്കിലാ യിരിക്കും ഈ മുറികൾക്ക് വാടക ഈടാക്കുക. |

സെക്ഷൻ ഓഫീസർ